"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.മുഹമ്മദ്, മുദാക്കലിൽ വീട്, ഇടവെട്ടി.പി.ഒ, ഇടുക്കി സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1013/2024/ID തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:-

1. ഇടുക്കി ജില്ലാ ജിയോളജിസ്റ്റിന്റെ 12.12.2022 തീയതിയിലെ ഡിഐഡിയു-ഡിഎംജി/1534/2022 എം നമ്പർ അസ്സസ്സ്മെന്റ് നോട്ടീസ്.
2. ശ്രീ.മുഹമ്മദ്, മുദാക്കലിൽ വീട്, ഇടവെട്ടി.പി.ഒ, ഇടുക്കി 22.01.2023 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 27.09.2024 തീയതിയിലെ ഡിഎംജി/2496/2024-എം4 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കാരിക്കോട് വില്ലേജിലെ ബ്ലോക്ക് No.33 ൽ 69, 69/1-52 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ടതും ശ്രീ.മുഹമ്മദ്, മുദാക്കലിൽ വീട്, ഇടവെട്ടി.പി.ഒ, ഇടുക്കി എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽപ്പെട്ടതുമായ സ്ഥലത്തു നിന്നും അനധികൃതമായി പാറ പൊട്ടിച്ചു കടത്തുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ കാരിക്കോട് വില്ലേജ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഇടുക്കി ജില്ലാ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ പരിശോധനയിൽ അനധികൃതമായി 22320 ക്യൂബിക് മീറ്റർ കരിങ്കല്ല് ഖനനം ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുമ്പ് അനധികൃത ഖനനത്തിന് പിഴ ഈടാക്കിയ അളവ് (1406.75ക്യുബിക് മീറ്റർ) കുറച്ച് ബാക്കി 20913.25 ക്യുബിക് മീറ്റർ ധാതുവിന് റോയൽറ്റി (12,54,795/-രൂപ), വില (25,09,590/-രൂപ), കോമ്പൗണ്ടിംഗ് ഫീസ് (10,000/-രൂപ)ഉൾപ്പെടെ ആകെ 38,14,385/-രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് ഇടുക്കി ജിയോളജിസ്റ്റ് 12/12/2022തീയതിയിൽ നൽകിയ പരാമർശം (1) അസ്സസ്സ്മെന്റ് നോട്ടീസിനെതിരെ ശ്രീ.മുഹമ്മദ്, മുടക്കാലിൽ, ഇടവെട്ടി.പി.ഒ പരാമർശം (2) പ്രകാരം സർക്കാരിൽ ഒരു അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 03.09.2024 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിക്ക് വേണ്ടി ടിയാന്റെ പ്രതിനിധിയും, മൈനിംഗ് & ജിയോളജി വകുപ്പിനെ പ്രതിനിധീകരിച്ച് ഇടുക്കി ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

3. ഹിയറിംഗ് വേളയിൽ അപ്പീൽകക്ഷിയുടെ പ്രതിനിധി ബോധിപ്പിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തൊടുപുഴ താലൂക്കിൽ കാരിക്കോട് വില്ലേജിൽ സർവ്വേ നം 69, 69/1-52 ൽ പ്പെട്ട വസ്തുവിൽ നിന്നും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ 1000 മെ.ടൺ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് 12/11/2020 ൽ ജില്ലാ ജിയോളജിസ്റ്റ് അനുമതി നൽകിയിരുന്നു. എന്നാൽ ശ്രീ. സിജു. എം. എസ് എന്ന വ്യക്തി പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 22320 ക്യൂബിക് മീറ്റർ കരിങ്കല്ല് നീക്കം ചെയ്തു എന്നാരോപിച്ച് 24/11/2022 ൽ ജിയോളജിസ്റ്റ് നോട്ടീസ് നൽകി. എന്നാൽ അത്രയും അളവ് ധാതു അവിടെ നിന്നും ഖനനം നടത്തി നീക്കം ചെയ്തിട്ടില്ല. മുൻകൂർ നോട്ടീസ് നൽകി ഹർജിക്കാരന്റെ സാന്നിദ്ധ്യത്തിലല്ല പരിശോധന നടത്തിയത്. കൂടാതെ ഹർജിക്കാരനെ നേരിൽ കേൾക്കാതെയാണ് നോട്ടീസ് നൽകിയതും. അതിനാൽ ജിയോളജിസ്റ്റ് 24/11/2022 ൽ നൽകിയ നോട്ടീസ് റദ്ദു ചെയ്യേണ്ടതാണ്.

4. തന്റെ ഭർത്താവ് 17.02.2024 തീയതിയിൽ മരണപ്പെട്ടുവെന്നും, അളവിൽ കൂടുതൽ പാറ പൊട്ടിച്ചു എന്നാരോപിച്ച് ജിയോളജി വകുപ്പിൽ നിന്നും നടത്തിയ അളവ് തെറ്റാണെന്നും, ആയതിനാൽ തനിക്ക് കൂടി നോട്ടീസ് നൽകി തന്റെ സാന്നിദ്ധ്യത്തിൽ കൃത്യമായ അളവ് എടുക്കണമെന്നും ഹർജിക്കാരന്റെ ഭാര്യയുടെ ഒരു അപേക്ഷയും ഹിയറിംഗ് വേളയിൽ നൽകിയിരുന്നു. ഹർജിക്കാരന്റെ മരണ സർട്ടിഫിക്കറ്റും ഹാജരാക്കിയിരുന്നു.

5. ശ്രീ. മുഹമ്മദ് മുടക്കാലിൽ ഹൗസ്, ഇടവെട്ടി പി. ഒ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തൊടുപുഴ താലൂക്കിൽ കാരിക്കോട് വില്ലേജിൽ സർവ്വേ നം 69/1-52 ൽ പ്പെട്ട വസ്തു കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കരിങ്കല്ല് നീക്കം ചെയ്യുന്നതിനുള്ള അനുമതി ശ്രീ. മുഹമ്മദ് മുടക്കാലിൽ ഹൗസ്, മാർത്തോമ്മ, ഇടവെട്ടി പി. ഒ തൊടുപുഴ എന്ന വ്യക്തിക്ക് നൽകിയിരുന്നതുമായി ബന്ധപ്പെട്ട് ഇടവെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16/01/2020 ലെ എ4-5212/19 നമ്പരിലുള്ള കത്ത് ഇടുക്കി ജില്ലാ ജിയോളജി ഓഫീസിൽ ലഭിക്കുകയുണ്ടായി. 28/01/2020 ൽ ടി സ്ഥലം പരിശോധിച്ച് ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് കരിങ്കല്ല് ഖനനം ചെയ്ത് ടി സ്ഥലത്തു ശേഖരിച്ച് വച്ച ശേഷം ജില്ലാ ഓഫീസിൽ അറിയിക്കണമെന്ന് നിർദ്ദേശിച്ച് 17/02/2020 ൽ ശ്രീ മുഹമ്മദ് മുടക്കാലിന് കത്ത് നൽകുകയുണ്ടായി. ശേഖരിച്ച കല്ല് നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് 22/02/2020-ാം തീയതി ശ്രീ.മുഹമ്മദ് ജില്ലാ ഓഫീസിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് നടത്തിയ പരിശോധനയിൽ ഭൂവികസനാനുമതിക്ക് വിരുദ്ധമായി കൂടുതൽ സ്ഥലത്ത് സ്ഫോടനം നടത്തി 1376 ക്യൂബിക് മീറ്റർ കരിങ്കല്ല്

പൊട്ടിച്ചതായും 425 ക്യൂബിക് മീറ്റർ കരിങ്കല്ല് ടി സ്ഥലത്ത് കൂട്ടിയിട്ടിട്ടുള്ളതായും 951 ക്യൂബിക് മീറ്റർ കരിങ്കല്ല് കടത്തിയതായും ബോധ്യപെട്ടിട്ടുളളതാണ്. ആയതിനെതിരെ 10/08/2020-ം തീയതി കാരണം കാണിക്കൽ നോട്ടീസ്, അനധികൃതമായി ഖനനം ചെയ്ത 1376 ക്യൂബിക് മീറ്റർ(3440 മെ.ടൺ) കരിങ്കല്ലിന് റോയൽറ്റി ഇനത്തിൽ 82,560/- രൂപയും (ടണ്ണിന് 24രൂപ നിരക്കിൽ) വിലയിനത്തിൽ 1,65,120/- (ടണ്ണിന് 48 രൂപ നിരക്കിൽ) രൂപയും ഉൾപ്പെടെ ആകെ 2,47,680/- രൂപ സർക്കാരിലേക്ക് അടയ്ക്കുന്നതിന് നിർദ്ദേശിച്ച് 14/09/2020 തീയതിയിൽ ഡിമാന്റ് നോട്ടീസ് അയക്കുകയുണ്ടായി. ടി തുകയും 25000/- രൂപ കോമ്പൗണ്ടിംഗ് ഫീസും 13/10/2020-ം തീയതി KL01002083420202Mനമ്പർ ചെലാൻ പ്രകാരം ശ്രീ മുഹമ്മദ് അടച്ചിട്ടുള്ള താണ്. ടി കല്ല് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് അപേക്ഷിച്ച് 13/10/2020 -ാം തീയതി ലഭിച്ച ശ്രീ മുഹമ്മദിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആയത് നീക്കം ചെയ്യുന്നതിന് ആക്ഷേപം ഉണ്ടോ എന്ന് ആരാഞ്ഞ് 14/10/2020-ാം തീയതി ഇടവെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് അയക്കുകയും കെട്ടിടം പണിക്ക് ആവശ്യമുള്ളതിന്റെ ബാക്കി കരിങ്കല്ല് നീക്കം ചെയ്യുന്നതിന് പഞ്ചായത്തിന് എതിർപ്പില്ല എന്നുള്ള മറുപടി 16/10/2020 ലെ എ4-4008/20 നമ്പർ കത്ത് പ്രകാരം ലഭിച്ചിരുന്നു. തുടർന്ന് 12/11/2020 ലെ 61/2020-21/GBS/DOI/179/M/2020 നമ്പർ ഉത്തരവ് പ്രകാരം കെട്ടിടം പണിക്ക് ആവശ്യമായ കല്ല് ഒഴിവാക്കി ബാക്കി വന്ന 1000 മെ.ടൺ കരിങ്കല്ല് 12/11/2020 മുതൽ 17/11/2020 വരെ ഗതാഗതം ചെയ്യുന്നതിന് ജില്ലാ ഓഫീസിലെ 12/11/2020 ലെ 61/2020-21/GBS/DOI179//M/2020 നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

ടി സ്ഥലത്തു നിന്നും കമ്പ്രസ്സറും ജെസിബി യും കസ്റ്റഡിയിൽ എടുത്തതായി അറിയിച്ച് തൊടുപുഴ പോലീസ് സബ് ഇൻസ്പെക്ടറുടെ 19/11/2020 ലെ കത്ത് ഇടുക്കി ഓഫീസിൽ ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 24/11/2020 ൽ നടത്തിയ സ്ഥല പരിശോധനയിൽ അനുമതിക്ക് വിരുദ്ധമായി 3075 ക്യൂബിക് മീറ്റർ കരിങ്കല്ല് കൂടി ടി സ്ഥലത്തു നിന്നും നീക്കം ചെയ്തതായി ബോധ്യപ്പെടുകയും ആയതിന് റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 30,535/- രൂപ 11/01/2021 ൽ ഈടാക്കി കുറ്റം രാജിയാക്കിയിട്ടുള്ളതാണ്.

ടി സ്ഥലത്ത് അനധികൃതമായി പാറ ഖനനം നടത്തി എന്ന് കാണിച്ച് ശ്രീ. സിജു എം. എസ്, മുളമറ്റത്തിൽ വീട്, ഇടവെട്ടി. പി. ഒ എന്ന വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ കാരിക്കോട് വില്ലേജ് ഓഫീസർക്കൊപ്പം 18/11/2022 ന് നടത്തിയ സ്ഥല പരിശോധനയിൽ ടി സ്ഥലത്തു സ്ഫോടനം നടത്തി പാറഖനം നടത്തിയതായും കല്ല് നീക്കിയതായും ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഇതേ സ്ഥലത്ത് മുൻപ് ജില്ലാ ഓഫീസിൽ നിന്നും നൽകിയ അനുമതിയുടെയും, പിഴ ഒടുക്കിയതുമായ കരിങ്കല്ലിന്റെ അളവ് കുറച്ചതിൽ നിന്നും ഈ സ്ഥലത്തു നിന്നും സമീപകാലത്ത് (2022 കാലഘട്ടത്തിൽ) മാത്രം 20913.25 ക്യൂബിക് മീറ്റർ കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്ത് നീക്കിയതായും കണക്കാക്കിയിട്ടുള്ളതാണ് ഇത് സംബന്ധിച്ച് സ്ഥലമുടമയ്ക്ക് വിശദീകരണം ആരാഞ്ഞ് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി

നൽകിയിട്ടില്ലാത്തതുമാണ്. തുടർന്ന് 12/12/2022-ാം തീയതി അസ്സസ്സ്മെന്റ് നോട്ടീസ് നൽകിയപ്പോഴാണ് ടിയാൻ 15/12/2022 ൽ മറുപടി സമർപ്പിച്ചിട്ടുള്ളത്. 15/12/2022, 9/01/2023 എന്നീ തീയതികളിൽ സ്ഥലമുടമ നൽകിയ മറുപടി പരിശോധിച്ചതിൽ മറുപടിയിൽ ടിയാൻ നടത്തിയ അനധികൃത ഖനനം നിഷേധിച്ചിട്ടില്ലാത്തതാണ്. താലൂക്ക് സർവ്വേയർ മുഖേന അളവ് തിട്ടപ്പെടുത്തണമെന്നപേക്ഷിച്ചിരുന്ന ആവശ്യം അംഗീകരിക്കുവാൻ സാധിക്കുന്നതല്ലാത്തതാണ്. പ്രസ്തുത സ്ഥലം കാരിക്കോട് വില്ലേജ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ശാസ്ത്രീയമായി അളന്നാണ് അനധികൃത ഖനനത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല അനധികൃത ഖനനം നടന്ന സ്ഥലം സ്വകാര്യ സ്ഥലമാണ്. ടി സ്ഥലത്ത് താലൂക്ക് സർവ്വേയറുടെ അളവ് വേണമെന്ന് ജിയോളജി വകുപ്പിന് നിഷ്കർഷിക്കേണ്ട ആവശ്യമില്ല. ടി വിവരങ്ങൾ അറിയിച്ചുകൊണ്ട് 24/03/2023 ൽ ശ്രീ. മുഹമ്മദിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണ്.

ഓഫീസ് ഫയലുകൾ പരിശോധിച്ചതിൽ പരാതിയിൽ സൂചിപ്പിച്ച അതേ സ്ഥലമായ കാരിക്കോട് വില്ലേജിലെ 69, 69/1-52 എന്ന സർവ്വെ നമ്പരുകളിൽപ്പെട്ടതും ടിയാളുടെ ഉടമസ്ഥതയിൽപ്പെട്ടതുമായ സ്ഥലത്തു നിന്നും ഇടവെട്ടി പഞ്ചായത്ത് നൽകിയ ബിൽഡിംഗ് പെർമിറ്റിന്റെയും ഡവലപ്മെന്റ് പെർമിറ്റിന്റെയും അടിസ്ഥാനത്തിൽ ടിയാന് വീട് വെക്കുന്ന ആവശ്യത്തിനായി സ്ഫോടന രഹിതമായി പാറ പൊട്ടിച്ച് ടി സ്ഥലത്ത് തന്നെ ശേഖരിച്ചതിനുശേഷം ജില്ലാ ഓഫീസിൽ അറയിക്കുന്നതിനു 17/5/2020 ൽ അനുമതി നൽകിയിരുന്നതാണ്. എന്നാൽ ഭൂവികസനാനുമതിയ്ക്ക് വിരുദ്ധമായി 1326 മെ. ടൺ കരിങ്കല്ല് ഖനനം ചെയ്യുകയും ഇതിന് 2,72,680/- രൂപ പിഴ ഒടുക്കിയിട്ടുള്ളതുമാണ്. തുടർന്ന് ഇടവെട്ടി പഞ്ചായത്ത് നൽകിയ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ ടി അളവിന് ട്രാൻസിറ്റ് പാസ് അനുവദിക്കുകയും തുടർന്ന് ലഭിച്ച പരാതിയിൽ സ്ഥലത്ത് നടത്തിയ പരിശോധനയിൽ 30.75 ക്യൂബിക് മീറ്റർ അനധികൃതമായി ഖനനം ചെയ്തതിന് 11/01/2021 ൽ 30,535/- രൂപ പിഴ അടപ്പിച്ചിട്ടുള്ളതാണ്. KMMC ചട്ടങ്ങളെക്കുറിച്ച് ബോധ്യമുള്ള വ്യക്തിയുമാണ് എന്ന് മനസ്സിലാക്കാവുന്നതാണ്. ടി വ്യക്തി മുൻപും അനധികൃത ഖനനം നടത്തിയിട്ടുള്ളതും പിഴ ഒടുക്കിയിട്ടുള്ളതുമാണ്. ടിയാളുടെ പൂർ ണ്ണമായ അറിവോടുകൂടിയാണ് നിലവിലെ ഖനന പ്രവർത്തികളും നടത്തിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ഈ സാഹചര്യത്തിലാണ് ടി സ്ഥലത്ത് നിന്ന് അനധികൃതമായി ഖനനം ചെയ്ത 22320 ക്യൂബിക് മീറ്റർ കരിങ്കല്ലിൽ നിന്നും മുൻപ് അനധികൃത ഖനനത്തിന് പിഴ ഈടാക്കിയ 1406.75 ക്യൂബിക് മീറ്റർ കുറച്ച് ബാക്കി 20913.25$M^3$ (52283.125 മെ. ടൺ) കരിങ്കല്ലിന് റോയൽറ്റി ഇനത്തിൽ 12,54,795/- രൂപ (ടണ്ണിന് 24/- നിരക്കിൽ) വിലയിനത്തിൽ 25,09,590/- (ടണ്ണിന് 48/-രൂപ നിരക്കിൽ) ആകെ 37,64,385/- രൂപയും കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 50,000 രൂപയും ഉൾപ്പെടെ ആകെ 38,14,385/- രൂപ 2015 ലെ KMMC ചട്ടം 108(2) പ്രകാരം ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത്. ടിയാൻ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൻമേൽ തുടർ ഉത്തരവുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ 30/07/2024-ാം തീയതി

46/2024-25/GBS/DOIDU-DMG/1534/2022-M നമ്പർ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുള്ളതാണ്.

6. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അപ്പീൽ കക്ഷിക്ക് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്നും ലഭിച്ച പെർമിറ്റിന്റെ അടിസ്ഥാനത്തിൽ 1000 മെ. ടൺ കരിങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്യുന്നതിന് 2020 ൽ അനുമതി നൽകിയത്. എന്നാൽ ഭൂ വികസനാനുമതിക്ക് വിരുദ്ധമായി 3440 മെ. ടൺ കരിങ്കല്ല് അനധികൃതമായി സ്ഫോടക വസ്തു ഉപയോഗിച്ച് ഖനനം ചെയ്തെടുത്തതിന് അപ്പീൽ കക്ഷി പൊനാലിറ്റി ഒടുക്കിയിട്ടുണ്ട്. 2022 ൽ അനധികൃത ഖനന നടക്കുന്നവെന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റും റവന്യൂ ഉദ്യോഗസ്ഥരും അടങ്ങിയ ടീം പരിശോധിച്ചപ്പോൾ അനധികൃത ഖനനം നടന്നതായി ബോധ്യപ്പെടുകയും അതനുസരിച്ച് ശാസ്ത്രീയമായി അളന്ന് അനധികൃത ഖനനത്തിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടുള്ളതുമാണ്. കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി ഒരു നിശ്ചിത അളവ് ധാതു ഖനനം ചെയ്യുന്നതിന് അനുമതി നൽകിയതിന്റെ മറവിലാണ് KMMC ചട്ടങ്ങളെക്കുറിച്ച് പൂർണ്ണമായും ബോധ്യമുള്ള ടിയാൻ പലപ്രാവശ്യമായി അനധികൃത ഖനനം നടത്തിക്കൊണ്ടിരുന്നത്. അനുമതി നൽകിയ അളവിൽ കൂടുതൽ ധാതു നീക്കം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് അതിനനുസരിച്ച് നടപടി സ്വീകരിക്കുവാനുള്ള അധികാരം നിലവിലുള്ള ചട്ടപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. മുൻപ് അനധികൃത ഖനനത്തിന് പിഴ ഈടാക്കിയ അളവ് കുറച്ചാണ് നിലവിൽ ഡിമാന്റ് നോട്ടീസ് നൽകിയിരിക്കുന്നത്. ഈ വസ്തുകളുടെ അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിയുടെ വാദത്തിൽ കഴമ്പുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം ഇടുക്കി ജിയോളജിസ്റ്റ് നൽകിയ നോട്ടീസ് നിലനിറുത്തിക്കൊണ്ട് ശ്രീ.മുഹമ്മദ്, മുടക്കാലിൽ വീട്, ഇടവെട്ടി.പി.ഒ, ഇടുക്കി പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡീഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.മുഹമ്മദ്, മുടക്കാലിൽ വീട്, ഇടവെട്ടി.പി.ഒ, കാരിക്കോട്, ഇടുക്കി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, ഇടുക്കി.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 22-10-2024 11:14:07

സെക്ഷൻ ഓഫീസർ